<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977</u> <u>02-02-2026 - ൽ മറുപടിയ്ക്ക്</u>

<u>ബാലുശ്ശേരി മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് ; ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി അറിയിക്കാമോ? | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ വനം വന്യജീവി വകുപ്പിന്റെ കീഴിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഉറപ്പ് വരുത്തുന്നതിനായി കക്കയം ഫോറസ്റ്റ് സ്റ്റേഷനിൽ ലേഡീസ് ബാരക്ക് നിർമ്മിച്ചിട്ടുണ്ട്.**<br><br>**കക്കയം ആസ്ഥാനമാക്കി സാറ്റലൈറ്റ് ആർ.ആർ.ടി. പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വന്യജീവി ആക്രമണം രൂക്ഷമായ കൂരാച്ചുണ്ട് പഞ്ചായത്തിലെ കാളങ്ങാലി-മണ്ടാപ്പാറ-ഓട്ടപ്പാലം-മുപ്പതാം മൈൽ-ചുവ്വക്കടവ് പ്രദേശങ്ങളിൽ 20 കി.മീ. നീളത്തിൽ RKVY സ്കീമിൽ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനായി കൃഷി വകുപ്പുമായി MoU ഒപ്പു വെച്ചിട്ടുണ്ട്. കൂടാതെ കരിയാത്തുംപാറ പ്രദേശത്ത് ഇക്കോ ഷോപ്പ് സ്ഥാപിക്കുന്നതിനും, വയലട പ്രദേശത്ത് ഇക്കോ ടൂറിസം ആരംഭിക്കുന്നതിനുമുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**വകയാട് HSS- നടുവണ്ണൂരിൽ 6 സെന്റ് സ്ഥലത്തും, GMUP സ്കൂൾ-പൂനൂരിൽ 5 സെന്റ് സ്ഥലത്തും 2022-23 വർഷത്തിൽ 1.60 ലക്ഷം രൂപ ചെലവഴിച്ച് വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ശ്രീ പനായി ഇടം ക്ഷേത്ര കാവ്, നടുവണ്ണൂർ എടക്കണ്ടി നാഗകാവ് എന്നിവയ്ക്ക് കാവ് സംരക്ഷണത്തിനായി യഥാക്രമം 80,000/- രൂപ, 39,500/-രൂപ എന്നിങ്ങനെ ധനസഹായം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ